കാഡ പ്രവർത്തനം

70 (1981) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാഡ പ്രവർത്തനം കൊണ്ട് കാർഷിക മേഖലയിൽ നേടിയിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) 1997-1998, 1998-1999, 1999-2000 വർഷങ്ങളിൽ എത്ര തുക വിവിധ പദ്ധതികളിലായി ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് എത്ര ഫാം റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് ;

(ഡി) തൃശൂർ ജില്ലയിൽ എത്ര ഫാം റോഡുകൾ നിർമ്മിച്ചിട്ടുണ്ട് ;

(ഇ) ചേർപ്പ് മണ്ഡലത്തിൽ പൂർത്തിയാക്കിയ ഫാം റോഡുകൾ ഏതെല്ലാം ; ഇതിൽ പൂർത്തിയാക്കേണ്ടത് ഏതൊക്കെയാണ് ;

(എഫ്) കാഡയുടെ മനേജിംഗ് കമ്മിറ്റി(ഡയറക്ടർ ബോർഡ്)യിൽ ആരൊക്കെയാണ് അംഗങ്ങൾ ; ഇവരുടെ കാലാവധി എന്നാണ് അവസാനിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	പദ്ധതി	ചെലവാക്കിയ തുക ലക്ഷത്തിൽ		
		1997-1998	1998-1999	1999-2000
1.	മലമ്പുഴ	184.74	192.49	11.48
2.	കുറ്റ്യാടി	214.57	246.34	8.42
3.	പോത്തുണ്ടി	93.92	104.17	8.45
4.	മംഗലം	94.79	77.04	10.49
5.	വാളയാർ	52.42	43.79	8.65
6.	ഗായത്രി	92.61	105.53	9.85
7.	ചിറ്റൂർപുഴ	108.76	113.31	7.89
8.	പീച്ചി	205.79	180.38	14.97
9.	ചാലക്കുടി	195.79	193.16	8.20
10.	ചീരക്കുഴി	37.34	41.49	7.92
11.	വാഴാനി	62.26	63.35	8.35
12.	പെരിയാർവാലി	426.21	445.58	12.90
13.	പമ്പ	141.34	126.42	11.24
14.	നെയ്യാർ	82.97	145.98	10.77

LIBRARY ARCHIVES Kerala Legislative Assembly

(സി) 145 ഫാം റോഡുകൾ.

(ഡി) 34 ഫാം റോഡുകൾ

(ഇ) പൂർത്തിയാക്കിയത് ചുവടെ ചേർക്കുന്നു.

1. കരിമ്പറ്റ് കോൾ പടവിലെ ഫാം റോഡ്
2. നാലുപടവിലെ ഫാം റോഡ്
3. ജൂബിലി പടവിലെ പോട്ടുചിറ കരുവാൻതോട് മുതൽ മുത്തുള്ളിയാർ വരെയുള്ള ഫാം റോഡ്
4. ജൂബിലി പടവിലെ ആലുക്കകുളം മുതൽ ചാമുണ്ടി വരെയുള്ള ഫാം റോഡ്
5. മനക്കൽ തരിശ്ശിലെ താന്നിക്കമുനയം മുതൽ പുത്തൻചാൽ വരെയുള്ള ഫാം റോഡ്

ചുവടെ ചേർക്കുന്ന ഫാം റോഡുകളാണ് പൂർത്തിയാക്കേണ്ടത്

1. വെണ്ടർപാടത്തിൽ തുത്തിക്കോട് മുതൽ പുത്തൻചാൽ വരെയുള്ള ഫാം റോഡ്.
2. ചിയ്യാരം പടവിലെ ഫാം റോഡ്.

(എഫ്) കാഡായുടെ മാനേജിംഗ് കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങളാണ് ഉള്ളത്.

1. ജലസേചനത്തിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി.
2. അതോറിറ്റിയുടെ അഡ്മിനിസ്ട്രേറ്റർ (ചീഫ് എക്സിക്യൂട്ടീവ് ആഫീസർ).
3. വാട്ടർ മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ്
4. ധനകാര്യവകുപ്പ് സെക്രട്ടറി.
5. കമാൻഡ് ഏരിയ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്നവരും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള രണ്ട് നിയമസഭ സാമാജികർ.
6. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പത്ത് കർഷകർ (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ ഉൾപ്പെടെ)
7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വായ്പാ ഏജൻസികളുടെ ഒരു പ്രതിനിധി.
8. കൃഷി ഡയറക്ടർ.

LIBRARY ARCHIVES Kerala Legislative Assembly

9. ബന്ധപ്പെട്ട ഓരോ ജലസേചനപദ്ധതിയുടേയും ചീഫ് എൻജിനീയർ (ചീഫ് എൻജിനീയർ ഇല്ലാത്തപക്ഷം പദ്ധതിയുടെ ചുമതല വഹിക്കുന്ന സൂപ്രണ്ടിംഗ് എൻജിനീയർ)

10. സഹകരണസംഘം രജിസ്ട്രാർ

11. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കേരള കാർഷിക സർവകലാശാലയുടെ ഒരു പ്രതിനിധി.

12. കമാൻഡ് ഏരിയ സ്ഥിതി ചെയ്യുന്ന റവന്യൂ ജില്ലകളിലെ കളക്ടർമാർ.

13. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ.

14. കോഴിക്കോട് വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് സെന്ററിലെ എക്സിക്യൂട്ടീവ് ഡയറക്ടർ.

15. ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടർ.

മേൽ പറഞ്ഞിരിക്കുന്ന അംഗങ്ങളിൽ ഔദ്യോഗിക അംഗങ്ങൾ സ്ഥിരാംഗങ്ങളാണ്. എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ മൂന്ന് വർഷത്തേയ്ക്കാണ്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന നിയമ സഭാംഗത്തിന്റെ കാലാവധി അദ്ദേഹത്തിന്റെ നിയമസഭാംഗത്വം അവസാനിക്കുന്നത് വരെയായിരിക്കും. ഒരംഗത്തിന്റെ യാദൃശ്ചിക ഒഴിവിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആളിന്റെ കാലാവധി ആ ആളെ ഏതംഗത്തിന്റെ ഒഴിവിലേയ്ക്കാണോ നാമനിർദ്ദേശം ചെയ്തത് ആ അംഗത്തിന്റെ ശേഷിച്ച കാലയളവ് ആയിരിക്കുന്നതാണ്. ഇപ്പോൾ സർവ്വശ്രീ. കിട്ടു, എൻ. ശ്രീകുമാരൻ നായർ എന്നിവർ മാത്രമാണ് അനൗദ്യോഗിക അംഗങ്ങളായി കമ്മിറ്റിയിൽ ഉള്ളത്. ഇവരുടെ കാലാവധി 12-02-2000-ൽ അവസാനിക്കുന്നതാണ്.

കൊടുങ്ങല്ലൂരിലെ ജല വിതരണ പദ്ധതികൾ

71 (1982) പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ ആണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കാൻ സഹായകമായ വിധത്തിൽ വാട്ടർ അതോറിറ്റിയുടെ ഒരു സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനാവശ്യമായ ഉത്തരവ് ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly